LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) പതിനൊന്നാം നിയമസഭാ സമ്മേളനത്തിലെ 6024-ാം നമ്പർ ചോദ്യത്തിന് കൃഷി അസിസ്റ്റന്റ് തസ്തികയിൽ 144 ഒഴിവുകൾ ഉണ്ടെന്ന് മറുപടി നൽകിയിട്ടില്ല എന്ന വസ്തുതയിലേക്ക് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധ ക്ഷണിക്കുന്നു. എന്നിരുന്നാലും അഗ്രിക്കൾച്ചറൽ തസ്തികയിൽ വിവിധ കാരണങ്ങളാൽ ഉണ്ടായ ഒഴിവുകൾ പല ഘട്ടങ്ങളിലായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിലേക്ക് വിവിധ ഘട്ടങ്ങളിലായി 146 ഉദ്യോഗാർത്ഥികളെ പി.എസ്.സി. ശിപാർശ ചെയ്യുകയും അവർക്ക് നിയമന ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) കൃഷി വകുപ്പിൽ അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ സംസ്ഥാനത്ത് 87 ഒഴിവുകൾ ഇപ്പോൾ നിലനിൽക്കുന്നുണ്ട്.

കൃഷി വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ

302 (1745) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിന് കീഴിൻ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഇവയ്ക്ക് ഓരോന്നിനും എന്ത് തുക വീതം നീക്കിവച്ചിട്ടുണ്ട് ; ഇത് ബഡ്ജറ്റിൽ നീക്കിവച്ചതിന് പുറമെയുള്ളതാണോ ;

(സി) ഇവയിൽ പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാം ; പണി ആരംഭിച്ച പദ്ധതികൾ ഏതെല്ലാം, പണി ആരംഭിക്കാത്ത പദ്ധതികൾ ഏതെല്ലാം ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) കൃഷി വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികളും നീക്കിവച്ച തുകയും ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	പദ്ധതിയുടെ പേര്	നീക്കി വച്ച ഉക (കോടി രൂപ)	റിമാർക്ക്സ്
(1)	(2)	(3)	(4)
	(എ) പതാകനൗക (ഫ്ലാഗ് ഷിപ്പ്) പദ്ധതികൾ :		
1	പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത	70.00	2014-15 ലെ ബഡ്ജറ്റ് വിഹിതം
2	കേരസമൃദ്ധി	5.00	
	(ബി) മറ്റ് പ്രധാന പദ്ധതികൾ :		
1.	നീര ഉല്പാദനം	5.40	ഇതിൽ 2.65 കോടി രൂപ 2014-15 ബഡ്ജറ്റ് വിഹിതമാണ്. 0.45 കോടി രൂപ 2013-14-ലെ ബഡ്ജറ്റ് വിഹിതം
2.	മേഖല കൃഷി ഡയറക്ടറേറ്റ്		ഉകയൊന്നും ഇതുവരെ അനുവദിച്ചിട്ടില്ല
3.	വിള ആരോഗ്യപരിപാലനം	13.35	2014-15-ലെ ബഡ്ജറ്റ് വിഹിതം
4.	കീടരോഗ നിരീക്ഷണം		
5.	എല്ലാ കർഷക ഭവനങ്ങളിലും പോഷകതോട്ടങ്ങൾ	0.00	
6.	കർഷക ഉല്പാദക സംഘങ്ങളും കാർഷിക മാളും	5.00	2014-15-ലെ ബഡ്ജറ്റ് വിഹിതം
7.	നിറവ് പദ്ധതി	0.00	ഉപധനാഭ്യർത്ഥനവഴി നാമമാത്രമായി 1000 രൂപ മാത്രം അനുവദിച്ചു

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
8.	ലീഡ്സ് (LEADS) പദ്ധതി	3.3978	2014-15-ലെ ബഡ്ജറ്റ് വിഹിതം
9.	കൃഷി വകുപ്പ് ഫാമുകളുടെ ശാക്തീകരണം	14.50	2014-15-ലെ ബഡ്ജറ്റ് വിഹിതം
10.	ഒരു ലക്ഷം യുവജനങ്ങൾക്ക് തൊഴിൽദാന പദ്ധതി	0.00	ആർ.കെ.വി.വൈ.-ൽ നിന്നും രൂപ അനുവദിച്ചു
11.	വിദ്യാലയങ്ങൾക്ക് ബയോഗ്യാസ് പ്ലാന്റ്	5.14	2014-ൽ ഉപധനാഭ്യർത്ഥന വഴി അനുവദിച്ച തുക
12.	അഗ്രോ സർവ്വീസ് സെന്ററുകൾ	27.50	2014-15-ലെ ബഡ്ജറ്റ് വിഹിതം
13.	ജൈവകൃഷി പ്രോത്സാഹനം	13.35	2014-15-ലെ ബഡ്ജറ്റ് വിഹിതം
14.	ഓർഗാനിക് സർട്ടിഫിക്കേഷൻ		
15.	ഗുണമേന്മാ പരിശോധനാ സംവിധാനം	0.75	2014-15-ലെ ബഡ്ജറ്റ് വിഹിതം
16.	തൃശ്ശൂരിലെ അഗ്രികോംപ്ലക്സ്	10.00	2013-14 -ലെ ബഡ്ജറ്റ് വിഹിതം ഇതിൽ 2 കോടി രൂപ അനുവദിച്ചു.
17.	പച്ചക്കറി, പുഷ്പ കൃഷിക്കായി മികവിന്റെ കേന്ദ്രം	0.00	പദ്ധതിയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. നാളിതുവരെ അനുമതി ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) കൃഷി വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികളിൽ ഭൂരിഭാഗവും 2014-15 പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുന്നവയാണ്. ഇവയുടെ നിർവ്വഹണം നടന്നുവരുന്നു. 2015 മാർച്ചോടുകൂടി നിർവ്വഹണം പൂർത്തിയാക്കുന്നതാണ്. നീര ഉല്പാദനം, കേരസമൃദ്ധി, കർഷക ഉല്പാദക സംഘങ്ങളും കാർഷിക മാളും, ജൈവകൃഷി പ്രോത്സാഹനം, തൃശ്ശൂരിലെ അഗ്രി കോംപ്ലക്സ് എന്നിവയുടെ നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഇവ ദീർഘകാലാടിസ്ഥാനത്തിലുള്ളവ ആയതിനാൽ 2015-16 സാമ്പത്തിക വർഷത്തിൽ മാത്രമേ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കുകയുള്ളൂ. മേഖല കൃഷി ഡയറക്ടറേറ്റ് പച്ചക്കറി, പുഷ്പകൃഷിക്കായി മികവിന്റെ കേന്ദ്രം എന്നീ പദ്ധതികൾ ആരംഭിച്ചിട്ടില്ല. പച്ചക്കറി, പുഷ്പകൃഷിക്കായി മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതോടനുബന്ധിച്ച് ഒരു പ്രൊപ്പോസൽ എസ്.എച്ച്.എം. കേരള, കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. നിറവ് പദ്ധതിക്കും ഉപധനാഭ്യർത്ഥനയിലൂടെ നാമമാത്ര തുക മാത്രമേ ലഭിച്ചിട്ടുള്ളൂ. കൂടുതൽ തുക ലഭിക്കുന്നതിനനുസരിച്ച് പദ്ധതി ആരംഭിക്കുന്നതാണ്.

മിഷൻ 676 കൃഷി വകുപ്പ്

303 (1746) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-വഴി എന്തെല്ലാം പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) മിഷൻ 676-ൽ ഉൾപ്പെടുത്തി ജൈവകൃഷി പ്രോത്സാഹനത്തിനും കർഷകക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) മിഷൻ 676 വഴി കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly